നൂനം തപോ യസ്യ ന മന്യുനിർജ്ജയോ
ജ്ഞാനം ക്വചിത് തച്ച ന സംഗവർജ്ജിതം
കശ്ചിന്മഹാംസ്തസ്യ ന കാമനിർജ്ജയ:
സ ഈശ്വര: കിം പരതോവ്യപാശ്രയ: **(8-8-20)**
ധർമ്മ ക്വചിത് തത്ര ന ഭൂതസൌഹൃദം
ത്യാഗ: ക്വചിത് തത്ര ന മുക്തികാരണം
വീര്യം നപുംസോƒസ്ത്യജവേഗ നിഷ്കൃതം
നഹി ദ്വിതീയോ ഗുണസംഗവർജ്ജിത: **(8-8-21)**
ക്വചിച്ചിരായുർന്ന ഹി ശീലമംഗളം
ക്വചിത് തദപ്യസ്തി ന വേദ്യമായുഷ:
യത്രോഭയം കുത്ര ച സോƒപ്യ മംഗള:
സുമംഗളം കശ്ച ന കാങ്ക്ഷതേ ഹി മാം. **(8-8-22)**

*ശുകമുനി തുടർന്നു:*

ആപത്തിൽനിന്നും രക്ഷപ്പെട്ട ദേവാസുരന്മാർ വളരെയധികം ഉൻമേഷത്തോടെയും ഉത്സാഹത്തോടെയും ജോലി തുടർന്നു. ആ കടലിൽനിന്നും ആദ്യം ഒരു പശു പുറത്തു വന്നു. മുനിമാർ അതിനെ വൈദീകകർമ്മങ്ങൾക്ക് സഹായമെന്ന നിലയിൽ സ്വീകരിച്ചു. പിന്നീട് വന്ന ഉച്ചൈശ്രവസ് എന്ന കുതിരയെ അസുരരാജാവ് ബലി എടുത്തു. അടുത്തതായി ഐരാവതം എന്ന ആന വന്നപ്പോൾ ഇന്ദ്രൻ അവകാശപ്പെട്ടില്ല. ഭഗവാൻെറ നിർദ്ദേശപ്രകാരം ആഗ്രഹമൊന്നും പ്രകടിപ്പിച്ചുമില്ല. പിന്നീട് പുറത്തുവന്ന കൗസ്തുഭം എന്ന അപൂർവ്വരത്നം ഭഗവാൻ ഹരി, സ്വയം മാറിലണിഞ്ഞു. സർവ്വാഭീഷ്ടദായകമായ പാരിജാതവൃക്ഷം, അപ്സരസുകൾ എന്നിവക്ക് ശേഷം ലക്ഷ്മീദേവീ എല്ലാവരുടേയും ഹൃദയം കവർന്നുകൊണ്ടു പ്രത്യക്ഷപ്പെട്ടു. കയ്യിലൊരു പൂമാലയേന്തി ഉത്തമനായ ഒരു വരനെ തിരഞ്ഞ് ചുറ്റും നോക്കിയ ലക്ഷ്മീദേവീ ഇങ്ങിനെ പാടി. - തപ:ശക്തിയുള്ളവൻ, കോപത്തെ ജയിച്ചിട്ടില്ല. വിവേകമുള്ളവൻ, ആസക്തിയുപേക്ഷിച്ചിട്ടില്ല. മഹത്വമുള്ളവൻ, ആഗ്രഹങ്ങളെ വെന്നിട്ടില്ല. മറ്റുള്ളവയെ ആശ്രയിച്ചിരിക്കുന്നവൻ എങ്ങിനെയാണ് ഭഗവാനാവുക? ധർമ്മിഷ്ഠനായവൻ എല്ലാവരോടും സൗഹൃദം കാണിക്കുന്നില്ല. സന്യാസം സ്വീകരിച്ചവൻ, അതു മോക്ഷത്തിലേക്കുള്ള വഴിയായി മാറ്റുന്നില്ല. ശക്തനായവനും കാലത്തിന്നതീതനല്ല. ദീർഘായുസ്സുള്ളവൻ പ്രശംസാർഹമായ പ്രവൃത്തികൾ ചെയ്യുന്നില്ല. ആസക്തിയേതുമില്ലാത്തവന് സഖിത്വമില്ല. പ്രശംസാർഹമായ ഉത്തമജീവിതം നയിക്കുന്നവന് ദീർഘായുസ്സില്ല. ഇതെല്ലാമുള്ളവന് അശുഭമുണ്ടാവുന്നു. ശുഭോദർക്കമായ ഉൾക്കാഴ്ചയുള്ളവൻ എന്നെ അഭിലഷിക്കുകയുമില്ല.

ഇങ്ങിനെയെല്ലാം വിശകലനം ചെയ്ത് അവസാനം ദേവി, ഭഗവാൻ ഹരിയെ മാലയിട്ടു. ഭഗവാൻ ദേവിയെ തൻെറ മാറിടത്തിൽ കുടിയിരുത്തി. ഈ മംഗളകർമ്മത്തെ ദേവന്മാർ ആഘോഷിച്ചു. ദേവി അവരെ കടാക്ഷിച്ചത് ഭാഗ്യമായവർ കരുതി. അസുരന്മാർ അസൂയയോടെ അവരെ നോക്കി. പിന്നീട് കടലിൽനിന്ന് വാരുണിയെന്ന മദ്യം പുറത്തു വന്നു. അസുരന്മാർ അതെടുത്തു. അവസാനം വിചിത്രനായ ഒരു വ്യക്തി -ധന്വന്തരി- പുറത്തു വന്നു വൈദ്യശാസ്ത്രത്തിൻെറ ഉപജ്ഞാതാവായ അദ്ദേഹം ഭഗവാൻെറ അംശാവതാരം തന്നെയാണ്. അദ്ദേഹത്തിൻെറ കയ്യിലൊരു കുടമുണ്ടായിരുന്നു. അസുരന്മാർ കുടവും തട്ടിയെടുത്ത് പാലായനം ചെയ്തു. വിഷണ്ണരായ ദേവന്മാർ ഭഗവാനോട് പരാതിപ്പെട്ടു. ഭഗവാൻ അവരെ സഹായിക്കാമെന്നേറ്റു. ഭഗവാൻ തൻെറ മായാശക്തിയാൽ അസുരന്മാർക്കിടയിൽ അഭിപ്രായഭിന്നതയുണ്ടാക്കി. ശക്തികുറഞ്ഞ അസുരന്മാർ, ദേവന്മാർക്കുകൂടി അവകാശപ്പെട്ട അമൃത് കൊണ്ടുപോവുന്നത് നീതിയുക്തമല്ലെന്ന് വാദിച്ചു. -ദേവന്മാരും അമൃതിനായി അദ്ധ്വാനം ചെയ്തിട്ടുണ്ട്. അതുകൊണ്ട് അവരുടെ വിഹിതം നൽകണം. അതാണ് അനശ്വരമായ നിയമം. - അങ്ങിനെ അസുരന്മാർ തമ്മിൽ കലഹിച്ചുകൊണ്ടിരിക്കുമ്പോൾ അവിടെ അതീവസുന്ദരിയായ ഒരു കന്യക പ്രത്യക്ഷപ്പെട്ടു. ഭഗവാൻെറ മായാശക്തി തന്നെയായിരുന്നു അത്.